കണ്ടീഷനിംഗ്, മെക്കാനിക്ക് റേഡിയോ & ടെലിവിഷൻ, പ്ലംബർ, ഷീറ്റ് മെറ്റൽ വർക്കർ, സ്റ്റെനോഗ്രാഫി (ഇംഗ്ലീഷ്), സർവ്വേയർ, ടർണർ, വെൽഡർ, വയർമാൻ, മെക്കാനിക്ക് കമ്പ്യൂട്ടർ ഹാർഡ് വെയർ, ഫാബ്രിക്കേഷൻ ഫിറ്റിംഗ് & വെൽഡിംഗ് (ജനറിക് അഡ്വാൻസ്ഡ് മോഡ്യൂൾസ്) എന്നിവയാണ്.

(ബി) ആറ്റിങ്ങൽ ഐ.ടി.ഐ.യിൽ ജോലി സാധ്യത കുറഞ്ഞതും കാലഹരണപ്പെട്ടതുമായ സ്റ്റെനോഗ്രാഫി (ഇംഗ്ലീഷ്), എം.ആർ.ടി.വി. എന്നീ ട്രേഡുകളുടെ രണ്ട് യൂണിറ്റുകൾ വീതം നിർത്തലാക്കി പകരം ഡ്രാഫ്റ്റ്സ്മാൻ (സിവിൽ), സർവ്വേയർ എന്നീ ട്രേഡുകളുടെ ഓരോ യൂണിറ്റും മെക്കാനിക്ക് ഡീസലിന്റെ രണ്ട് യൂണിറ്റും ആരംഭിക്കുന്നതിനുള്ള ശിപാർശ പരിശോധിച്ചുവരുന്നു.

(സി) ആറ്റിങ്ങൽ ഐ.ടി.ഐ.യിൽ അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക് രണ്ടാം നില പണിയുന്നതിന് 210 ലക്ഷം രൂപയുടെ പ്ലാനും എസ്റ്റിമേറ്റും പി.ഡബ്ല്യു.ഡി.-ൽ നിന്നും ലഭ്യമാക്കി പ്രിൻസിപ്പാൾ സമർപ്പിച്ചിട്ടുണ്ട്. നടപ്പ് സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതത്തിൽ നിന്നും തുക ചെലവഴിച്ച് മേൽപ്പറഞ്ഞ വർക്ക് ചെയ്യുന്ന കാര്യം പരിശോധിക്കുന്നതാണ്.

പട്ടികജാതി-പട്ടികവർഗ്ഗ ഉദ്യോഗാർത്ഥികൾക്കുവേണ്ടിയുള്ള കോച്ചിംഗ്-കം-ഗൈഡൻസ് സെന്ററുകൾ

181 (6886) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൊഴിൽ വകുപ്പ് പട്ടികജാതി-പട്ടികവർഗ്ഗ ഉദ്യോഗാർത്ഥികൾക്കുവേണ്ടി കോച്ചിംഗ്-കം-ഗൈഡൻസ് സെന്ററുകൾ എവിടെയെല്ലാമാണ് സമാരംഭിച്ചിട്ടുള്ളത് ;

(ബി) കോച്ചിംഗ്-കം-ഗൈഡൻസ് സെന്ററുകൾ എല്ലാ താലൂക്കുകളിലും സമാരംഭിക്കുന്നതിന് നടപടി സ്വീകരിക്കാമോ ?

ഉത്തരം

(എ) എംപ്ലോയ്മെന്റ് വകുപ്പിന് കീഴിൽ എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിൽ കോച്ചിംഗ്-കം-ഗൈഡൻസ് സെന്ററുകൾ സമാരംഭിച്ചിട്ടുണ്ട്.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

ക്ഷേമനിധി പെൻഷനുകളുടെ കുടിശ്ശിക

182 (6887) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കർഷകത്തൊഴിലാളി പെൻഷൻ ഉൾപ്പെടെയുള്ള ക്ഷേമനിധി പെൻഷനുകളുടെ കുടിശ്ശിക എന്ന് വിതരണം ചെയ്യാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

കുടിശ്ശിക പെൻഷനുകൾ വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

സാമൂഹ്യസുരക്ഷാ പദ്ധതികളും ഇതരക്ഷേമ പദ്ധതികളും

183 (6888) ശ്രീ. പിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൊഴിൽ വകുപ്പുമായി ബന്ധപ്പെട്ട് നിലവിലുള്ളതായ സാമൂഹ്യ സുരക്ഷാ പദ്ധതികളും ഇതര ക്ഷേമപദ്ധതികളും ഏതെല്ലാമെന്നുള്ള വിവരം ലഭ്യമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതികൾ സംബന്ധിച്ചുള്ള വിശദാംശം ഇനം തിരിച്ച് വ്യക്തമാക്കാമോ ;

(സി) ഇത്തരം പദ്ധതികൾക്കായി കേന്ദ്രഫണ്ട് ലഭ്യമാക്കുന്നുണ്ടോ ;

(ഡി) എങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) അനുബന്ധം-1 ആയി ചേർത്തിരിക്കുന്നു.*

(ബി) അനുബന്ധം-2 ആയി ചേർത്തിരിക്കുന്നു.*

(സി) രാഷ്ട്രീയ സ്വാസ്ത്യ ബീമാ യോജന പദ്ധതി മാത്രമാണ് കേന്ദ്രാവിഷ്കൃത പദ്ധതി. അതിന് കേന്ദ്ര ഫണ്ട് ലഭ്യമാകുന്നുണ്ട്.

(ഡി) രാഷ്ട്രീയ സ്വാസ്ത്യ ബീമാ യോജന പ്രകാരം ഓരോ കുടുംബത്തിനും സ്മാർട്ട് കാർഡിന്റെ വിലയായ 60 രൂപ ഉൾപ്പെടെ 738 രൂപയാണ് പ്രീമിയം തുക. ടി പ്രീമിയം തുകയുടെ 75 ശതമാനം കേന്ദ്ര സർക്കാരും 25 ശതമാനം തുക സംസ്ഥാന സർക്കാരും വഹിക്കുന്നു.

ക്ഷേമനിധികളിലെ വ്യാജ അംഗത്വം

184 (6889) ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. വി. ടി. ബൽറാം :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ക്ഷേമനിധികളിൽ വ്യാജ അംഗത്വമുള്ളവരെ കണ്ടുപിടിക്കുവാൻ സംവിധാനമുണ്ടോ ; വിശദമാക്കുമോ ;

(ബി) ക്ഷേമനിധികളിലെ വ്യാജ അംഗത്വം കണ്ടുപിടിച്ച് റദ്ദ് ചെയ്യാൻ എന്തെല്ലാം നടപടി സ്വീകരിക്കാനുദ്ദേശിക്കുന്നു ; വിശദാംശങ്ങൾ എന്തെല്ലാം ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly